# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

പേരിൽ മാറ്റം വരുത്തുന്നതിന് നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** . 3561      12.12.14 - **ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>**ശ്രീ.റ്റി.യു. കുരുവിള** | | ഉത്തരം<br>**ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി** |
|---|---|---|---|
| (എ) | ജനന സർട്ടിഫിക്കറ്റിലെ പേരിനോടൊപ്പം ഒരക്ഷരം കൂടി ചേർക്കുന്നതിന് പത്ത് വയസ്സിൽ താഴെയുള്ള കുട്ടിയുടെ രക്ഷിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ ഉച്ചാരണത്തിൽ വ്യത്യാസം ഇല്ലാതെ അനുവദിക്കുന്നതിന് തടസ്സം നിലനിൽക്കുന്നുണ്ടോ; | (എ) | ചീഫ് രജിസ്ട്രാറുടെ 08.12.2010ലെ ബി1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(6) പ്രകാരം ജനന രജിസ്റ്ററിൽ ഒരിക്കൽ പേര് ചേർത്ത് കഴിഞ്ഞാൽ അത് തിരുത്താവുന്നതല്ല. എന്നാൽ ജനന സമയത്ത് ഒരു ഓമന പേരിടുകയും അത് രജിസ്റ്ററിൽ ഉൾ പ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ശരിയായ പേര് ചേർക്കുന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ, അന്വേഷണം നടത്തി ബോധ്യപ്പെട്ട് രജിസ്ട്രാർക്ക് തന്നെ അത് അനുവദിക്കാവുന്നതാണ്.<br>മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർത്ത കേസുകളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുൻപായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | കുട്ടിയെ സ്കൂളിൽ ചേർത്തതിനുശേഷം പേരിൽ മാറ്റം വരുത്തുന്നതിന് രക്ഷിതാക്കാൾ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നിലവിൽ നൽകിയിരിക്കുന്ന മാർഗ്ഗ നിർ ദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | 17.10.2013-ലെ 31512/ആർ.ഡി3/13/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന മരണ രജിസ്ട്രേഷൻ കുട്ടിയുടെ പേര് തിരുത്തുന്നതിനുള്ള നിർ ദ്ദേശത്തിന്മേൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് നിർ ദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തെറ്റായി വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഈടാക്കാൻ വ്യവസ്ഥയുള്ള സാഹചര്യത്തിൽ സ്കൂളിൽ ചേർക്കുന്നതിനുമുമ്പ് കുട്ടിയുടെ പേരിൽ തിരുത്തൽ വരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോടൊപ്പം വെള്ളപേപ്പറിൽ തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, സ്കൂളിൽ ചേർത്ത ശേഷമുള്ള കേസുകളിൽ സ്കൂൾ രേഖയിലെ പോലെ പേര് തിരുത്തുന്നതിന് അപേക്ഷയോടൊപ്പം തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന 100/-രൂപ മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ് മൂലവും, മാതാവ്/പിതാവ്/ നിയമാനുസൃത രക്ഷകർത്താവ്/ മാതാപിതാക്കൾ മരണപ്പെട്ട കേസുകളിൽ വ്യക്തി രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**